©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2026 ഫെബ്രുവരി 23<br>23rd February 2026<br>1201 കുംഭം 11<br>11th Kumbham 1201<br>1947 ഫാൽഗുനം 4<br>4th Phalguna 1947 | നമ്പർ<br>No. 765 |

## അങ്കമാലി നഗരസഭ

## വിജ്ഞാപനം

പി ഡബ്ല്യൂ 2-8590/21 2026/02/21

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് ( 2016-ലെ 9 –ാം ) ലെ 36 –ാം വകുപ്പ് 4 –ാം ഉപവകുപ്പ് പ്രകാരം അങ്കമാലി നഗരസഭയ്ക്ക് വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോട് കൂടി നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് https://angamalymunicipality.lsgkerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് ഉദ്ദേശം ഫാറം 4 ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി
അങ്കമാലി നഗരസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം- I V

**[ചട്ടം 19 (2) കാണുക]**

## അങ്കമാലി നഗരസഭ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് ( 2016-ലെ 9 –ാം ) ലെ 36 –ാം വകുപ്പ് 4 –ാം ഉപവകുപ്പ് പ്രകാരം അങ്കമാലി നഗരസഭയ്ക്ക് വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെപറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസുത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ അങ്കമാലി നഗരസഭ കൌൺസിൽ പരിഷ്കരണങ്ങളോട് കൂടി സ്വീകരിച്ചത് നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ https://angamalymunicipality.lsgkerala.gov.in ൽ 2016 ലെ കേരള നഗര ഗ്രാമസൂത്രണ ആക്ടിന്റെ ( 2016-ലെ 9–ാം ) ലെ 36 –ാം വകുപ്പിൻറെ 4–ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : കറുകുറ്റി പഞ്ചായത്ത്

കിഴക്ക് : തുറവൂർ ഗ്രാമപഞ്ചായത്ത്, കാലടി ഗ്രാമപഞ്ചായത്ത്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്,

തെക്ക് : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്, ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : പാറക്കടവ് ഗ്രാമപഞ്ചായത്ത്

കരട് മാസ്റ്റർപ്ലാൻ പ്രദേശത്തു നിലവിലുള്ള വിശദ നഗരാസൂത്രണപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ഇല്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ഉണ്ട്

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദ് ആക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ കാരണസഹിതം വിശദീകരിക്കുക - ബാധകമല്ല

(ഡി) നില നിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - ബാധകമല്ല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി അങ്കമാലി നഗരസഭ കൌൺസിൽ ഓഫീസിലും ലഭ്യമാണ്. പ്ലാനിൽ താല്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം അങ്കമാലി നഗരസഭ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016 ലെ 9– ാം) ലെ 61– ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്ക് അനുസൃതം അല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| സെക്രട്ടറി | ചെയർപേഴ്സൺ |

സ്ഥലം :അങ്കമാലി

തീയതി :21/02/2026

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.23 08:13:38 +05:30